'ഖാദിബോർഡിന്റെ പ്രവർത്തനം

155 [1988] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് മറ്റു സ്ഥാപനങ്ങളിൽനിന്നും ലഭിക്കുവാനുള്ള തുകയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഒറ്റത്തവണ തീർപ്പാക്കൽമൂലം ബോർഡിന് എന്തു തുകയുടെ വരുമാന നഷ്ടം ഉണ്ടാകും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഒറ്റത്തവണ തീർപ്പാക്കൽമൂലം ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ ബോർഡിന് സർക്കാർ എന്തെങ്കിലും സാമ്പത്തികസഹായം ലഭ്യമാക്കുമോ;

(ഇ) ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ഖാദി തൊഴിലാളികൾക്ക് അംഗീകൃത നിരക്കിൽ പലിശ നൽകാൻ ബോർഡിന് ബാദ്ധ്യതയുണ്ടായിരിക്കെ നിശ്ചിത സമയത്ത് പണവും പലിശയും നൽകാത്ത ഖാദിസ്ഥാപനങ്ങൾക്ക് പലിശയിളവ് നൽകിയാൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(എഫ്) തൊഴിലാളി, തൊഴിലുടമ വിഹിതം യഥാസമയം അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന ഖാദിസ്ഥാപനങ്ങളിൽനിന്നും, തുക ലഭ്യമാക്കുന്നതിന് ക്ഷേമനിധി നിയമത്തിൽ വ്യക്തമായ വ്യവസ്ഥ ഉണ്ടെന്നിരിക്കെ ഒറ്റത്തവണ തീർപ്പാക്കൽമൂലം സാമ്പത്തികനഷ്ടം ബോർഡിന് ഉണ്ടായാൽ ആ നഷ്ടം സർക്കാർ പരിഹരിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10-6-2005-ലെ ജി.ഒ. (എം എസ്.) നമ്പർ 64/05/വ്യവ. പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് സർക്കാർ അനുമതി നൽകി. ഖാദിസ്ഥാപനങ്ങളുടെ 15 വർഷത്തെ അംശദായം സംബന്ധിച്ച കണക്ക് ആഡിറ്റ് ചെയ്യുന്നതിന് ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് ചാർട്ടേഡ് അക്കൗണ്ടന്റിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആഡിറ്റ് നടപടി പുരോഗമിച്ചുവരുന്നു.

(സി) & (ഡി) ദീർഘകാലമായി കുടിശ്ശികയായുള്ള തുക ഒരുമിച്ച് പിരിച്ചെടുത്ത് ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കാണ് ഒറ്റത്തവണ തീർപ്പാക്കൽ നടപടി ആവിഷ്കരിച്ചിരിക്കുന്നത്. ഖാദിസ്ഥാപനങ്ങളിൽനിന്നും ലഭിക്കുവാനുള്ള അംശദായ കുടിശ്ശികയ്ക്ക് ഖാദിത്തൊഴിലാളി ക്ഷേമനിധി ചട്ടം അനുസരിച്ച് ഈടാക്കുന്ന 10% പലിശ മാത്രമാണ് ഒറ്റത്തവണ തീർപ്പാക്കലിൽ ഒഴിവാക്കിനൽകുന്നത്.

(ഇ) & (എഫ്) ഖാദിസ്ഥാപനങ്ങളുടെ സാമ്പത്തികഞെരുക്കംമൂലം അംശദായം അടയ്ക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്. ആ പരിതഃസ്ഥിതിയിൽ ഖാദിതൊഴിലാളി ക്ഷേമനിധി ബോർഡ് ആവശ്യപ്പെട്ടപ്രകാരം പലിശ ഒഴിവാക്കിക്കൊണ്ട്

GPM. 2/566/2012—25

LIBRARY ARCHIVES Kerala Legislative Assembly

ാദിസ്ഥാപനങ്ങൾക്ക് തുക ഒരുമിച്ചടയ്ക്കുന്നതിന് സൗകര്യം നൽകണമെന്ന് ആവശ്യപ്പെട്ടപ്രകാരമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയത്. ഇപ്രകാരം ഒറ്റത്തവണ തീർപ്പാക്കലിലൂടെ സമാഹരിക്കുന്ന തുക ഒന്നും ലഭ്യമല്ലാതിരുന്ന സാഹചര്യം കണക്കിലെടുക്കുമ്പോൾ ബോർഡിന് ലഭിക്കുന്ന വരുമാനമാർഗ്ഗമായാണ് കണക്കാക്കുന്നത്. ഇപ്രകാരം സമാഹരിക്കുന്ന തുക സവിരനിക്ഷേപമാക്കി അതിൽനിന്ന് വരുമാനമാർഗ്ഗമാക്കി മാറ്റുവാനും സാധിക്കും. അങ്ങനെ വരുമാനനഷ്ടം ഒരുപരിധിവരെ പരിഹരിക്കുവാൻ സാധിക്കും.

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കുള്ള സർക്കാർ വിഹിതം

156 [1989] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഉൾപ്പെടെ ഇതര ഖാദിസ്ഥാപനങ്ങളിൽനിന്ന് തൊഴിലാളി, തൊഴിലുടമ വിഹിതമായി എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്; കിട്ടാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റ് സഥാപനഅടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ സർക്കാർ വിഹിതമായി എന്തു തുക ലഭിച്ചു എന്നും ഇനി എന്തു തുക ലഭിക്കുവാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ വിഹിതം പൂർണ്ണമായും ലഭിച്ചിട്ട് എത്ര വർഷമായി എന്ന് അറിയിക്കുമോ;

(ഡി) യഥാസമയം സർക്കാർ വിഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് 2005 മാർച്ച് 31 വരെ ഖാദിസ്ഥാപനങ്ങൾ തൊഴിലാളി-തൊഴിലുടമ വിഹിതമായി അടച്ചുതീർക്കാനുള്ള തുക തിട്ടപ്പെടുത്തുന്നതിന് ബോർഡ് ചാർട്ടേഡ് അക്കൗണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് ജോലികൾ നടന്നുവരുന്നു.

(ബി) നാളിതുവരെ സർക്കാർ വിഹിതമായി 1,84,86,767 രൂപ ലഭിച്ചിട്ടുണ്ട്. ബോർഡിലേക്ക് സർക്കാരിൽനിന്നും ലഭിക്കുവാനുള്ള അംശദായം സംബന്ധിച്ച തുക കണക്കാക്കുന്നതിനുള്ള ആഡിറ്റ് ജോലികൾ പുരോഗമിച്ചുവരുന്നു.

(സി) 1996-1997 വർഷത്തിലാണ് സർക്കാർ വിഹിതം പൂർണ്ണമായി ലഭിച്ചത്.

(ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly